പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **391** 29/06/2016-ൽ മറുപടിക്ക്

# ചെറുകിട ജലവൈദ്യുതി നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ<br>,, കെ.എസ്. ശബരിനാഥൻ | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട ജലവൈദ്യുതി നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഊർജ്ജ സുരക്ഷ കൈവരിക്കുന്നതിന് പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തി ഹരിത ഊർജ്ജം പരമാവധി ഉല്പാദിപ്പിക്കുക, സാമൂഹ്യ സാമ്പത്തിക വികസനത്തിന് ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുകയും ഇതിലൂടെ ഗ്രാമീണ മേഖലയിലെ ഊർജ്ജ ആവശ്യങ്ങൾ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്യുക, ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുവാൻ വേണ്ടിയുള്ള സാഹചര്യമൊരുക്കുക, സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിച്ച് 2017- ഓടുകൂടി 150 മെഗാവാട്ടിന്റെ അധിക സ്ഥാപിത ശേഷി വർദ്ധനവ് കൈവരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ നയം വഴി ഉദ്ദേശിക്കുന്നത്. |
| (സി) നയം നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) സംരംഭകർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് അദ്ധ്യക്ഷ്യൻമാർ അംഗങ്ങളായ |

ഏക ജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിലേയ്ക്കായി ഈ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഒരു കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**